LIBRARY ARCHIVES Kerala Legislative Assembly

മടപ്പള്ളി ഗവൺമെന്റ് കോളേജിന്റെ ക്ലാസ്സ് മുറികളുടെ പഴക്കം

6(4604) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലബാർ മേഖലയിലെ പ്രധാന കോളേജ് ആയ മടപ്പള്ളി ഗവ. കോളേജിന്റെ ക്ലാസ്സ് മുറികളുടെ പഴക്കം കാരണം കോൺക്രീറ്റ് പൊട്ടിവീഴുന്നത് പരിഹരിക്കുവാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

മടപ്പള്ളി ഗവ. കോളേജിന്റെ ക്ലാസ് മുറികളുടെ കോൺക്രീറ്റ് പൊട്ടിവീഴുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്നും സ്ഥലം വിട്ടു കൊടുത്ത കാര്യം

7(4605) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ ആവശ്യത്തിന് മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നിന്നും 16.5 സെന്റ് സ്ഥലം വിട്ടു കൊടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രൗണ്ടിന്റെ സ്ഥലം മെട്രോയുടെ ആവശ്യത്തിന് വിട്ടു കൊടുക്കുന്നത് സംബന്ധിച്ച എല്ലാ രേഖകളുടെയും പകർപ്പ് സി.ഡി./പേപ്പർ പ്രിന്റ് രൂപത്തിൽ ലഭ്യമാക്കാമോ;

(സി) നഷ്ടപരിഹാരം പൊതുമരാമത്ത് വകുപ്പിന് കൈമാറാം എന്ന് മെട്രോ അധികൃതരുമായി ധാരണയായിട്ടുണ്ടോ; നഷ്ടപരിഹാര തുക സംബന്ധിച്ച ധാരണകൾ എന്തെല്ലാം;

(ഡി) പ്രസ്തുത ധാരണകൾ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു വിധത്തിലാണ് ഈ ധാരണകൾ യാഥാർത്ഥ്യമാക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം കൈമാറിയതു സംബന്ധിച്ച രേഖകളുടെ പകർപ്പും ജില്ലാ കളക്ടർ കോളേജ് അധികൃതരുമായി നടത്തിയ യോഗനടപടിക്കുറിപ്പിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) ധാരണയായിട്ടില്ല.

---

* ലൈബ്രറി വച്ചിട്ടുണ്ട്.